# weekly Devotion - December 2017

## A highway (ഒരു പെരുവഴി)



Job (28:7) ൽ അതിന്റെ പാത കഴുകൻ അറിയുന്നില്ല. പരുന്തിന്റെ കണ്ണ് അതിനെ കണ്ടിട്ടില്ല എന്ന് കാണുന്നു. ഈ പക്ഷിരാജാക്കന്മാർ അറിയാത്തതും കാണാത്തതുമായ പാത എവിടെ എന്ന് സദൃ:(23:5) ൽ കാണുന്നു. അത് ആകാശത്തിലാണ് ഭൂമിയിലെ പാതകൾക്ക് പേരുള്ളതുപോലെ ഉയരത്തിലെ പെരുവഴികൾക്കും (വിശാലപാത അഥവാ highway) പേരുകൾ ഉണ്ട്. യെശ:(35:8) ൽ നിന്നും ആ പാതയുടെ പേർ വിശുദ്ധവഴി എന്ന് മനസ്സിലാക്കാം.

## ഈ പെരുവഴിയുടെ പ്രത്യേകതകൾ

**ഇത് ഒരു രാജവീഥിയാണ്.**

രാജപാതയിൽ കുടെ രാജാവിനും കുടെയുള്ളവർക്കും മാത്രമേ യാത്ര ചെയ്യുവാൻ അധികാരമുള്ളു. ഈ പാത വളരെ ഉയരത്തിലും ആണ്. ശക്തിയും ബലവും ഉള്ള കഴുകനെ പോലെയുള്ള പക്ഷികൾ ചിറകടിച്ച് ആകാശത്തിലേക്ക് പറന്ന് ഉയരുന്നു. ശക്തി ഇല്ലാത്തവക്ക് ഈ വഴിയിൽ കുടി യാത്ര ചെയ്യുവാൻ കഴിയുകയില്ല. അതുപോലെ ഒരു ദൈവപൈതൽ സഞ്ചരിക്കുന്ന വഴിയിൽ ദൈവസാന്നിദ്ധ്യം ഉള്ളതിനാൽ മറ്റാരും കടന്നു വരുന്നില്ല. ദൈവ സാന്നിദ്ധ്യത്തിന്റെ വഴി ഉയർന്ന വഴിയാണ്. ഉദാഹരണമായി ലൂക്കോ:24:13 മുതലുള്ള വാക്യങ്ങളിൽ യെറുശലേമിൽ നിന്ന് എമ്മവുസ് എന്ന ഗ്രാമത്തിലേക്ക് നടന്ന രണ്ടുപേരോടു ചേർന്നു നടന്ന ഒരു വഴിയാത്രക്കാരനെ ശ്രദ്ധിക്കുക. തിരുവചനം അവർക്ക് വ്യാഖ്യാനിച്ചു നൽകിയപ്പോഴും കുടെ നടക്കുന്നവനെ അവർക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. എന്തുകൊണ്ടാണ് ഉയർത്തെഴുന്നേറ്റ യേശു അവരോട് ചേർന്ന് നടന്നത് ? യേശുവിനെപ്പറ്റി അവർ സംസാരിച്ചതുകൊണ്ടാണ് ദൈവീകസാന്നിദ്ധ്യം ആഗ്രഹിക്കുന്നവർ സംസാരവിഷയം ശ്രദ്ധിക്കണം കണ്ണ് അറിയാതെവണ്ണം നിരോധിച്ചവൻ അത് മാറ്റിയപ്പോഴാണ് യേശു എന്നവർ ഗ്രഹിച്ചത്.

യെശ:(40:31) ൽ നിന്നും കഴുകന്മാരെപ്പോലെ പറന്നുയരണമെങ്കിൽ യഹോവയെ കാത്തിരിക്കുന്നവർ ആയി ശക്തിയെ പുതുക്കണമെന്ന് മനസ്സിലാകുന്നു. അതായത് രാജപാതയിലെത്താൻ പരിശുദ്ധാത്മ ശക്തി

ആവശ്യമാണ്. ഒരദ്ധ്യാപകന്റെ നിർദ്ദേശമനുസരിച്ച് കൂടുതൽ പേർ മരിക്കുന്നരോഗത്തെക്കുറിച്ച് കുഞ്ഞുങ്ങൾ ഒരു പ്രബന്ധം തയാറാക്കി. കാര്യകാരണസഹിതം വളരെ ഭംഗിയായി എഴുതിയാണ് കുഞ്ഞുങ്ങൾ പ്രബന്ധം സമർപ്പിച്ചത്. അതിൽ ഒന്നിന്റെ രചയിതാവായ വിദ്യാർത്ഥി എഴുതിയത് അദ്ധ്യാപകനെ അത്ഭുതപ്പെടുത്തി " കൂടുതൽ ആളുകൾ മരിക്കുന്നത് ഒരു പ്രത്യേകരോഗം മൂലമാണ്. അതിന് **സമ്മിശ്രരോഗം** എന്ന് പേരിടുന്നതായിരിക്കും ഉചിതം. ഈ രോഗലക്ഷണങ്ങൾ ശരീരത്തിലെത്താനുള്ള കാരണങ്ങൾ ഒഴിവാക്കുകയാണ് ഏറ്റവും നല്ല പ്രതിവിധി" .ദൈവത്തോട് ചേർന്നു നടക്കുവാൻ തയാറായാൽ ഈ രോഗത്തിനും പരിഹാരം കാണാം എന്ന് ആത്മീയലോകം ഗ്രഹിച്ചാൽ വളരെ നല്ലതാണ്. സമ്മിശ്രരോഗം ആത്മീയ മണ്ഡലത്തെ കാർന്ന് തിന്നുകയാണ്. നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞചേറ്റിൽ നിന്നും രക്ഷിച്ച് പാറമേൽ നിർത്തുന്നവനിലേക്ക് നമുക്ക് കരം ഉയർത്താം. പലരും അതുകണ്ട് ഭയപ്പെട്ട് ദൈവത്തിലാശ്രയിക്കുവാൻ തയാറാകും. (read സങ്കീ: (40:2,3)

**(2) ഈ പാതവിശുദ്ധമാണ്**

യെശ(35:8) ൽ ഈ പാതയുടെ പേർ വിശുദ്ധവഴി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പാത വിശുദ്ധമാകയാൽ വിശുദ്ധിയുള്ളവർക്കു മാത്രമേ, ഈ വഴിയിൽ കൂടി നടക്കുവാൻ കഴിയുകയുള്ളൂ.

" അവൻ അവരോടു കൂടെ ഇരിക്കും" എന്ന് പ്രത്യേകം പറയുന്നതിനാൽ ഈ പാതയിൽ നടക്കുന്ന വീണ്ടെടുക്കപ്പെട്ടവർക്ക് ദൈവീക കാവൽ ഉണ്ട്. ക്രിസ്തുവിലായി പുതിയ സൃഷ്ടി ആയ വ്യക്തി പഴയ കുറുക്കു വഴികളിൽ കൂടി പിന്നെ യാത്ര ചെയ്യുവാൻ ആഗ്രഹിക്കരുത്. 1തെസ്സ(5:14-18) വരെയുള്ള ഭാഗത്ത് പൗലോസ് തരുന്ന മുന്നറിയിപ്പുകൾ ശ്രദ്ധിക്കുക.

**(3) ഭയരഹിത പാത**

അബദ്ധവശാൽ പോലും അശുദ്ധന്മാരോ ദോഷന്മാരോ, ദുഷ്ടമൃഗങ്ങളോ ഈ പാതയിൽ കടക്കുകയില്ല. വിശ്വാസത്തിൽ അസ്ഥിരർ ഈ പാതയിലെത്തിയാൽ അലസഗമനക്കാരായി പാപത്തിൽ വീഴുന്നു . ശിംശോന്റെ ജീവിതത്തകർച്ച അവർക്ക് ഒരു പാഠമാകട്ടെ. (ന്യായ :(14:1), (16:21) Sin blinds, binds and grinds. നാം ഏതു പാതയിലാണ് യാത്ര ? സാധാരണക്കാരന്റെ വഴിയോ, രാജവീഥിയോ?

വിശുദ്ധമായ രാജ പാതയിൽ യാത്രചെയ്യുന്നവർ ഉല്ലാസഘോഷത്തോടെ സീയോനിലെത്തും. ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് എന്നരുളിയവനോടൊപ്പം വസിക്കേണ്ട പട്ടണം ഏതെന്നും എങ്ങനെയെന്നും അറിവാൻ വെളി :21: 10-27 വരെ ശ്രദ്ധിക്കുക. കുഞ്ഞാടിന്റെ ജീവ പുസ്തകത്തിൽ പേരുള്ളവരായി യാത്രയുടെ അവസാനം അദ്ദേഹത്തോടൊപ്പം പാർക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind